(സി) ഇതിനകം എത്ര ജില്ലകളിൽ എത്ര പഞ്ചായത്തുകളിൽ എത്ര പേർക്കു ബോർഡ് സൗജന്യമായി ഭവനനിർമ്മാണ ധനസഹായം മൈത്രി ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം നടത്തിയിട്ടുണ്ട് ; ഇതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തു മാനദണ്ഡമാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡ് സമ്പൂർണ്ണ ഭവനപദ്ധതി 14 പഞ്ചായത്തുകളിൽ ഇതിനകം നടപ്പാക്കികഴിഞ്ഞു. ഓരോ ജില്ലയിലും ഓരോ പഞ്ചായത്ത് തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ വിശദവിവരം അനുബന്ധം 'എ'യിൽ ചേർത്തിരിക്കുന്നു†. 14 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ആയിരത്തിലേറെ പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഈ പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും മൈത്രി ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 25 പേരെ വീതം സ്പോൺസർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 9000 രൂപ ഗവൺമെന്റ് സബ്സിഡിയോടു കൂടി വീടൊന്നിന് 25,000 രൂപയാണ് സൗജന്യധനസഹായമായി നൽകുന്നത്.

(സി) ഇതിനകം 4 ജില്ലകളിൽ 4 പഞ്ചായത്തുകളിൽ 98 പേർക്ക് വായ്പാനുമതി നൽകുകയും 56 പേർക്ക് ഒന്നാം ഗഡുവും 60 പേർക്ക് രണ്ടാം ഗഡുവും 53 പേർക്ക് അവസാന ഗഡുവും സൗജന്യധനസഹായമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ദുർബലരിൽ ദുർബലരായ ഗുണഭോക്താക്കളെ സർവ്വേയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്താണ് ഈ ആനുകൂല്യം നൽകുന്നത്.

സ്വാതന്ത്ര്യസമരസേനാനികൾക്ക് സൗജന്യ ഭവന നിർമ്മാണ സഹായം

77 (1327) ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 22-6-1998-ലെ സർക്കാർ ഉത്തരവ് നമ്പർ.47/98/ഭ.വ. പ്രകാരം ഹൗസിംഗ് ബോർഡുവഴി എത്ര സ്വാതന്ത്ര്യസമരസേനാനികൾക്ക് നാളിതുവരെ സൗജന്യഭവന നിർമ്മാണ സഹായം നല്കി ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് 14-9-1998 അവസാന തീയതിയായി അപേക്ഷകൾ ക്ഷണിച്ച് പത്രദ്വാരാ പരസ്യപ്പെടുത്തിയിരുന്ന പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചു ; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ഡി) മേൽപറഞ്ഞ പദ്ധതിപ്രകാരം ലഭിച്ച അപേക്ഷകരിൽ എത്രപേർക്ക് ഭവനനിർമ്മാണ സഹായം നല്കി ;

(ഇ) ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്തതിന്റെ സാഹചര്യം വിശദീകരിക്കുമോ ;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പദ്ധതിപ്രകാരം അപേക്ഷിച്ചവരിൽ അർഹരായ എല്ലാ സ്വാതന്ത്ര്യസമര സേനാനികൾക്കും ഭവനനിർമ്മാണ സഹായമായി നല്കേണ്ട തുക സമയബന്ധിതമായി അനുവദിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ&എഫ്) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ 14-9-1998-വരെ അവസാനതീയതി വച്ച് അപേക്ഷ ക്ഷണിച്ചെങ്കിലും അപേക്ഷകൾ വിശദമായി പരിശോധിച്ചതിൽ അർഹരായ അപേക്ഷകർ കുറവായി കണ്ടതിനാൽ കൂടുതൽ വിപുലമായ തെരഞ്ഞെടുപ്പിനുവേണ്ടി വീണ്ടും അപേക്ഷ ക്ഷണിച്ചു. ആകെ കിട്ടിയ അപേക്ഷകൾ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യം ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	18
കൊല്ലം	7
ആലപ്പുഴ	17
പത്തനംതിട്ട	1
ഇടുക്കി	5
കോട്ടയം	3
എറണാകുളം	4
തൃശ്ശൂർ	6
പാലക്കാട്	7
മലപ്പുറം	4
വയനാട്	1
കോഴിക്കോട്	9
കണ്ണൂർ	9
കാസർകോട്	2
ആകെ	95

സർക്കാർ ജീവനക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ

78 (1328) ശ്രീ. എം. ദാസൻ :
ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എൻ. ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly